**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നം. 3** **30.11.2015 - ൽ മറുപടിക്ക്**

**സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായുള്ള കരാർ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. അജിത്<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കുടിശ്ശികയായ വായ്പകൾ പിരിച്ചെടുക്കാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതെല്ലാം തരത്തിലുള്ള വായ്പാ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാണ് എസ്.ബി.ടി പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഈ വായ്പാ പരിധി എത്രവരെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) കഴിഞ്ഞ മൂന്ന് വർഷത്തോളം റിക്കവറി നടപടികൾ സ്വീകരിച്ചിട്ടും നടക്കാതെ വന്ന, 4 ലക്ഷം രൂപയോ അതിന് താഴെ ഉള്ളതോആയ വിദ്യാഭ്യാസ വായ്പാ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇതിനകം വായ്പാ കുടിശ്ശി കയ്ക്കു വേണ്ടി എത്ര കുടും ബങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയി ക്കുമോ; | (സി) | റിലയൻസ് എ.ആർ.സി, വായ്പ ക്കാർക്ക് കത്തയച്ചും ഫോണിൽ ബന്ധപ്പെട്ടും, നേരിട്ട് സന്ദർശിച്ചും റിക്കവറി നടപടികൾ സ്വീകരിച്ചു വരികയാണ്. കഴിഞ്ഞ അഞ്ച് മാസ ത്തിനുള്ളിൽ 2800 വായ്പക്കാരെ ഫോണിൽ ബന്ധപ്പെടുകയും 1000 വായ്പക്കാരെ നേരിട്ട് സന്ദർശിക്കു കയും ചെയ്തു. വായപ്ക്കാർക്കെ തിരെ റിലയൻസ് എ.ആർ. സി യാതൊരു നിയമനടപടിയും സ്വീക രിച്ചിട്ടില്ല. |
| (ഡി) | എസ്.ബി.ടി തുടങ്ങിവച്ച മാതൃക മറ്റ് ബാങ്കുകളും സ്വീകരിച്ചാൽ സംസ്ഥാ നത്ത് പല കുടുംബങ്ങളും | (ഡി) | പൊതുമേഖലാ ബാങ്കായ എസ്. ബി.റ്റി യുടെ വിദ്യാഭ്യാസ വായ്പ യുടെ എൻ.പി.എ കുടിശ്ശിക പിരി ച്ചെടുക്കാൻ സ്വകാര്യസ്ഥാപനമായ |

| | |
|---|---|
| പ്രതിസന്ധിയിലാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | റിലയൻസിനെ എസ്.ബി.റ്റി ചുമതലപ്പെടുത്തിയിരുന്നു എസ്.ബി.റ്റിയുടെ ഈ തീരുമാനം പിൻവലിക്കാൻ എസ്ബിറ്റി മാനേജ്മെന്റിന് നിർദ്ദേശം നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 29.07.2015 ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി ഈ വിവരം അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിന് കത്ത് അയച്ചിരുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ